

കഥ

കാരൂർ സോമൻ

# തിരഞ്ഞെടുപ്പു മഹോത്സവം

കേരള എക്സ്പ്രസ് ട്രെയിൻ പറവകളുടെ ചിറകടിശബ്ദവുമായി കായംകുളത്തുനിന്നു ന്യൂഡൽഹിയിലേക്കു തിരിച്ചു. സുന്ദരദേശം പിന്നിലാക്കി ട്രെയിനും മിന്നൽക്കൊടിപോലെ പാഞ്ഞു. ലണ്ടനിൽനിന്നെത്തിയ ഡാനി എന്ന വിളിപ്പേരുള്ള ഡാനിയേൽ സുഹൃത്തു രാജൻപിള്ളയുടെ അടുത്തേക്കു ഡൽഹിക്കു പോകുന്നു. മധ്യഭാഗത്തുള്ള സീറ്റിൽ നിലവിളക്കുപോലെ പ്രകാശം പരത്തുന്ന മൂന്നു സുന്ദരിക്കുട്ടികൾ വന്നിരുന്നു. യൗവനം പൂത്തുകഞ്ഞിഞ്ഞു നിൽക്കുന്ന ശരീരസൗന്ദര്യമുള്ളവർ. ഡൽഹിയിൽ ജോലി ചെയ്യുന്നവരോ പഠിക്കുന്നവരോ ആകാം. അവരുടെ മുന്നിലിരിക്കുന്നത് ഒരു കുടുംബത്തിലുള്ളവരാണ്. ഡാനിയുടെ മൊബൈൽ ശബ്ദിച്ചു. രാജന്റെ ശബ്ദം ഡാനിയുടെ കാതുകളിൽ മുഴങ്ങി. അവരുടെ സംസാരത്തിൽ നിറഞ്ഞുനിന്നത് ഒളിഞ്ഞും തെളിഞ്ഞും മനുഷ്യരെ മതമെന്ന മലിനജലത്തിൽ മുങ്ങിക്കുളിപ്പിക്കുന്ന തിരഞ്ഞെടുപ്പാണ്. രാജനും ഡാനിയും ലണ്ടനിൽ പോകുന്നതിനുമുൻപ് രാഷ്ട്രപതിഭവനിലെ പ്രത്യേക പോലീസ് വകുപ്പിൽ ജോലി ചെയ്തവരും, കസ്തൂർബാഗാന്ധി മാർഗ്ഗ് കെട്ടിടത്തിൽ ഒന്നിച്ചു താമസിച്ചവരുമാണ്. അവരുടെ ഭാര്യമാരും ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നിച്ചാണു ജോലി ചെയ്തത്. രാജൻ ആ ജോലി ഇന്നും തുടരുന്നു. ഡാനിയും കുടുംബവും കേരളത്തിൽ വരുന്നതിനേക്കാൾ കൂടുതൽ യാത്ര ചെയ്യുന്നത് ഡൽഹിയിലെ ആത്മസുഹൃത്തിന്റെ വീട്ടിലേക്കാണ്. അവരും കുട്ടികളുടെ അവധി ദിനങ്ങളിൽ ലണ്ടനിലേക്കും പോകാറുണ്ട്. രണ്ടുപേരും വിവാഹം കഴിച്ചിരിക്കുന്നത് നഴ്സുമാരെയാണ്. രാജനു രണ്ടും ഡാനിക്ക് മൂന്നും കുട്ടികളുണ്ട്. രാജൻ വിവാഹം കഴിച്ചത് ആൻസി എന്ന ക്രിസ്ത്യാനിയെയാണ്. ഡാനിയുടെ സുഹൃത്തു രാജനുവേണ്ടി ആൻസിയെ വിവാഹമാലോചിച്ചത് ഓമനയാണ്. ജാതിപ്പൊരുത്തത്തേക്കാൾ മനസ്സിന്റെ പൊരുത്തം നോക്കിയവർ. മനുഷ്യനേക്കാൾ വലിയ മതം വേണ്ടെന്നു തീരുമാനമെടുത്തവർ. ആൻസി ഗർഭിണി ആയിരുന്നതിനാൽ ഓമനയ്ക്കൊപ്പം ലണ്ടനിലേക്കു പോകാൻ സാധിച്ചില്ല. അവരുടെ മക്കൾ തമ്മിലുള്ള വിവാഹം വേദിയിൽ നടക്കുമെന്നവർ പ്രത്യാശ പുലർത്തുന്നു. രണ്ടു ദിവസം ഡൽഹിയിൽ താമസിച്ചിട്ട് ഡാനി ലണ്ടനിലേക്കു മടങ്ങും.

ഡാനി മേഘങ്ങൾക്കിടയിലൂടെയുള്ള വിമാനയാത്ര ഒഴിവാക്കിയത് ട്രെയിൻയാത്ര ആസ്വദിക്കാൻ തന്നെയാണ്. എത്രയോ വർഷങ്ങൾ ഈ ട്രെയിനിൽ കേരളത്തിലേക്കു യാത്ര ചെയ്തതാണ്. ഡാനിയുടെ മുഖത്തു പ്രകാശബിന്ദുക്കൾ ഗ്ലാസിലൂടെ കടന്നുവന്നു പ്രസരിച്ചു. അടുത്തുള്ള റോഡിലൂടെ ചുട്ടുപൊള്ളുന്ന ചൂടിൽ നാടിളക്കി യാത്രക്കാരെ ബുദ്ധിമുട്ടിച്ചുകൊണ്ട് തിരഞ്ഞെടുപ്പു കൊട്ടിക്കലാശം നടക്കുന്നു. ഏതോ ഒരു മഹോത്സവത്തിന്റെ പ്രതീതി. എണ്ണിയാൽ തീരാത്തവിധം തെല്ലുപോലും യാത്രക്കാർക്കു വഴികൊടുക്കാതെ മോട്ടോർ സൈക്കിളുകൾ മുന്നിൽപോകുന്ന സ്ഥാനാർത്ഥിയുടെ വാഹനത്തിനു പിറകെയുണ്ട്. ഓരോ വാഹനവും അലങ്കാരച്ചാർത്തുകളാൽ മനോഹരമാണ്. ഏറ്റവും മുന്നിലെ വാഹനത്തിൽ പോകുന്ന സ്ഥാനാർത്ഥി നിറപുഞ്ചിരിയുമായി വഴിയരികിൽ നിൽക്കുന്നവരെ കൈവീശുന്നു. ചിലർ വന്ന് ഹസ്തദാനം നടത്തുന്നു, ഹാരമണിയിക്കുന്നു, പൂച്ചെണ്ടുകൾ നൽകുന്നു. യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്ന ബസ്സുകൾ മുന്നോട്ടുപോകാൻ നിവൃത്തിയില്ലാതെ ഭാരപ്പെടുന്നു. വാഹനത്തിൽ പ്രസംഗിക്കുന്ന നേതാവിന്റെ വാക്കുകൾ വായുവിലൂടെ ഡാനിയുടെ കാതുകളിലേക്ക് ഒഴുകിയെത്തി. അയാളുടെ

**ഡാനി മേഘങ്ങൾക്കിടയിലൂടെയുള്ള വിമാനയാത്ര ഒഴിവാക്കിയത് ട്രെയിൻയാത്ര ആസ്വദിക്കാൻ തന്നെയാണ്. എത്രയോ വർഷങ്ങൾ ഈ ട്രെയിനിൽ കേരളത്തിലേക്കു യാത്ര ചെയ്തതാണ്. ഡാനിയുടെ മുഖത്തു പ്രകാശബിന്ദുക്കൾ ഗ്ലാസിലൂടെ കടന്നുവന്നു പ്രസരിച്ചു. അടുത്തുള്ള റോഡിലൂടെ ചുട്ടുപൊള്ളുന്ന ചൂടിൽ നാടിളക്കി യാത്രക്കാരെ ബുദ്ധിമുട്ടിച്ചുകൊണ്ട് തിരഞ്ഞെടുപ്പു കൊട്ടിക്കലാശം നടക്കുന്നു.**



നാവിൽനിന്നുയരുന്ന ഓരോ വാക്കുകളും രാജ്യം അനുഭവിക്കുന്ന ദുരവസ്ഥകളെയല്ല, ദരിദ്രകോടികളെ സൃഷ്ടിച്ചവരെപ്പറ്റിയല്ല, മനുഷ്യർ അനുഭവിക്കുന്ന അടിസ്ഥാന വിഷയങ്ങളല്ല, വികസന വിഷയങ്ങളല്ല അതിലുപരി ദൈവങ്ങൾ അനുഭവിക്കുന്ന വേദനകളാണ്. ഒരമ്മയുടെ മക്കളെപ്പോലെ കഴിഞ്ഞ സ്ഥലത്തു മത-വർഗീയത ആഴത്തിലുള്ള മുറിവുകളുണ്ടാക്കുന്ന പ്രസംഗം. മറ്റൊരു ട്രെയിൻ കടന്നുപോകാനായി കുറെ സമയം കാത്തുകിടക്കുമ്പോഴാണു പ്രസംഗം ശ്രദ്ധിച്ചത്. ആ വാക്കുകൾ മനുഷ്യ ശരീരത്തിലെ ഓരോ അണുവിനെപ്പോലെ അക്ഷരങ്ങൾ കൂട്ടക്ഷരങ്ങളായി തലച്ചോറിലേക്കു പ്രവഹിച്ചു. മനുഷ്യന്റെ തലച്ചോറിലേക്കു തുരന്നു ചെല്ലുന്ന വാക്കുകൾ അവർക്കു ശവക്കുഴി തുരക്കുന്നതായി തോന്നി. നേതാവിന്റെ വീര്യമുണർത്തുന്ന, എതിർ സ്ഥാനാർത്ഥിയെ കളിയാക്കുന്ന, പരിഹസിക്കുന്ന വാക്കുകൾ കേട്ടു കോമാളികൾ കൈയടിക്കുന്നു. തുടർന്നുള്ള വാക്കുകൾ തുരന്നു വന്നത് ഇരുൾ നിറഞ്ഞ തുരങ്കത്തിലേക്കാണ്. ട്രെയിനും അതിരുകൾ താണ്ടി യാത്ര തുടർന്നു. ചെറുപ്പത്തിൽ തിരഞ്ഞെടുപ്പുകൾ ആനന്ദകരമായ ഒരനുഭവമായിരുന്നു. സ്നേഹത്തിന്റെ ഊഷ്മളത നിറഞ്ഞ തിരഞ്ഞെടുപ്പുകൾ. ഇതിനു മുൻപൊന്നും ഇത്രമാത്രം മതവൈരമുണർത്തുന്ന പ്രസംഗം കേട്ടിട്ടില്ല.

മനുഷ്യമനസ്സിൽ കനലുകൾ വാരിയെറിയുന്ന, മതസ്പർദ്ധ വളർത്തുന്ന കൊടുങ്കാറ്റ് മനസ്സിനെ ആശങ്കപ്പെടുത്തി. ഡാനിയുടെ മനസ്സ് ഏകാന്തതയ്ക്കു വഴി മാറി. പച്ചപ്പിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന കേരളത്തെ മതവർഗീയ മരുഭൂമിയാക്കാനുള്ള പ്രസംഗം. ആ വാക്കുകൾ പലരുടെയും ഹൃദയം കീഴടക്കുന്നു. കേരള മതസഹിഷ്ണുതയ്ക്ക് ഒന്നാംസ്ഥാനത്തു തിളങ്ങിനിൽക്കുമ്പോഴാണ് വടക്കേ ഇന്ത്യയിലെ മതദേവൻ കുതിച്ചൊഴുകി കേരളത്തിലെത്തുന്നത്. മതദേവൻ തിളച്ചുമറിയുന്ന ചൂടുവെള്ളത്തിൽ ജാതിക്കിഴി തിളപ്പിച്ചെടുത്ത് അതിലെ പ്രസാദം ഭക്തർക്കായി വാരി വിതറുന്നു. കാര്യസിദ്ധിക്കുവേണ്ടി വഴിപാടർപ്പിച്ച മതദേവൻ മതഭക്തരോടു പറഞ്ഞു: "മതദേ

വൻ നിങ്ങളെ പട്ടിണിക്കിടില്ല. അന്നമൊരുക്കാൻ ഞങ്ങൾ എത്തിയിരിക്കുന്നു. നിങ്ങൾ എന്റെ കൈയിൽ സുരക്ഷിതരാണ്. അന്നദാനം കഴിച്ചിട്ട് പോകാവൂ." മതദൈവൻ കൊണ്ടുവന്ന കള്ളപ്പണത്തിലെ തിന്നു എല്ലാവരുടെയും കണ്ണുകൾ. ശരീരം ശുദ്ധി ചെയ്തു മുങ്ങിക്കുളിച്ചു വന്നവർ അനുസരണയുള്ള കുട്ടികളെപ്പോലെ വരിവരിയായി വാഴയിലയ്ക്കു മുന്നിലിരിക്കുന്നു. മതദൈവന്റെ മഹത്ത്വവും വിനയവും ഓർത്തുകൊണ്ടവർ വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ച് എഴുന്നേറ്റു. ഓരോരോ തലമുറകളിലേക്കു വളർന്നുപന്തലിച്ച മതത്തെ താലോലിച്ചുവളർത്തുന്നവർ ഒരു ഭാഗത്തും അതിനെ തച്ചുടയ്ക്കാൻ വികസനവാദികൾ എന്ന പേരിൽ ഒരു കൂട്ടർ മറുഭാഗത്തും നിന്നു പോരടിക്കുന്നു.

മതഭ്രാന്ത് കേരളത്തിൽ കാണുമ്പോൾ മലയാളികൾക്ക് അമ്പരപ്പാണു തോന്നുന്നത്. മഹാശിലായുഗം മുതൽ കേരളത്തിൽ ജനവാസമുണ്ട്. കേരളത്തിലെ മനുഷ്യരുടെ വേരുകൾ ചെന്നുനിൽക്കുന്നത് ആദിവാസികളിലാണ്. ഇന്നും പലർക്കുമറിയില്ല നമ്മൾ ഏത് ആദിവാസി ഗോത്രത്തിൽനിന്നുള്ളവരാണെന്ന്. ഇന്ത്യയ്ക്കു പുറത്തുനിന്ന് ആര്യന്മാരെത്തി. അന്നു ജാതിമതമില്ല. കാലം മാറി. പ്രഭാതത്തിനു പുലരിയെന്നു പേരുകൊടുത്തു. ആദിവാസി ആര്യന്മാർ ഹിന്ദുവായി, ഹിന്ദുവിൽനിന്നു ക്രിസ്ത്യാനി, മുസ്ലീങ്ങൾ, ജന്മമെടുത്തു. ഒരമ്മയുടെ മക്കൾ ജാതി പറഞ്ഞ്, കൊടിയുടെ നിറം പറഞ്ഞ് തമ്മിൽ തല്ലുന്നത് കുറെ നാളുകളായി കാണുന്നു. കേരളചരിത്രത്തിൽ ഫ്യൂഡൽ - ബൂർഷ്വ- പൗരോഹിത്യശക്തികളെ തുരത്തിയോടിച്ച നാട്ടിൽ ജാതി-മത ഉത്പാദനത്തിനു വളക്കൂറുള്ള മണ്ണായി മാറുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം നിലനിൽക്കുന്ന നാടിനെ നാറ്റിക്കാൻ വികൃതജനാധിപത്യവാദികളായ രാഷ്ട്രീയക്കാർ വോട്ടുപെട്ടി നിറയ്ക്കാൻവേണ്ടി വികസിപ്പിച്ചെടുത്ത തന്ത്രമാണു മതമെന്ന മന്ത്രം. അതിന്റെ വായതുറന്നുവിട്ടാൽ മതവികാരം ആളിക്കത്തും. ജനാധിപത്യത്തിന്റെ പേരിൽ മത-പണാധിപത്യം കാഴ്ചവയ്ക്കുന്ന തിരഞ്ഞെടുപ്പുകൾ. എല്ലാം മതത്തിലും വർഗീയ- മതമൗലികവാദികളെ കാണാനുണ്ട്. പ്രച്ഛന്നവേഷധാരികളായ ഈ സാമൂഹികശത്രുക്കളെ നേരിടാൻ ഗുരുദേവന് ഏതാനും വാക്കുകൾ മതിയായിരുന്നു. അദ്ദേഹം ട്രെയിൻ യാത്ര ചെയ്യുമ്പോൾ ഒരു വർഗീയവാദി ചോദിച്ചു: "ഏതാ ജാതി?" ആ ചോദ്യം ഗുരുദേവന് ഇഷ്ടപ്പെട്ടില്ല. "കണ്ടാൽ അറിയില്ലേ" വർഗീയവാദി വീണ്ടും ചൊറിയാൻ തുടങ്ങി. "മനസ്സിലായില്ല" ഗുരുദേവൻ പറഞ്ഞു: "കണ്ടാൽ മനസ്സിലാകില്ലെങ്കിൽ കേട്ടാൽ എങ്ങനെ അറിയാനാണ്." ഇന്നായിരുന്നെങ്കിൽ അദ്ദേഹം കരണത്ത് ഒന്നു കൊടുത്തിട്ടു ചോദിക്കുമായിരുന്നു "ഇപ്പം മനസ്സിലായോ?" ഇന്ന് ഇതുപോലുള്ള വർഗീയ വിചിത്രജീവികൾ ഇറങ്ങിയത് മനുഷ്യ കൊള്ളചെയ്യാൻ മാത്രമാണ്. ഇവർ മതത്തിന്റെ മതിൽ കെട്ടുംതോറും ജനാധിപത്യത്തെ വിഴുങ്ങുക മാത്രമല്ല, ജനത്തെ അരക്ഷിതാവസ്ഥയിലേക്കു നടത്തുകകൂടി ചെയ്യുന്നു. മതത്തിനു ഭ്രാന്ത് പിടിച്ചാൽ മനുഷ്യർ കണ്ണിൽച്ചോരയില്ലാത്ത വന്യജീവികളായി മാറും. മറ്റുള്ളവരെ ദ്രോഹിച്ചുകൊണ്ട് മതമെന്ന പാൽപ്പായസം ഇവർ വിളമ്പുന്നത് ദൈവത്തിന്റെ, പാവങ്ങളുടെ വിശപ്പകറ്റാനല്ല, മറിച്ച് സ്വന്തം പള്ള വീർപ്പിക്കാനാണ്. അധികാരം കിട്ടിയാൽ എന്തുമാകാമെന്ന ചിന്ത മനുഷ്യരെ കൊള്ള ചെയ്യാൻ പ്രേരിപ്പിക്കുന്നു. ജനാധിപത്യത്തിന്റെ തണലിൽ ലഭിച്ച തൊഴിൽ. സൂര്യപ്രഭ ഇലകൾക്കിടയിലെ നിഴലുകളായി.

**മനസ്സിൽ ജനാധിപത്യം പടുത്തുയർത്തിയ കെട്ടിടത്തിന്റെ കല്ലുകൾ ഓരോന്നായി ഇളകിവീണുകൊണ്ടിരിക്കെ മനസ്സിന്റെ ഏകാന്തതയെ തകർത്തതു ബ്രിട്ടണിലെ തിരഞ്ഞെടുപ്പാണ്. ഇന്ത്യയിലെ തിരഞ്ഞെടുപ്പ് എന്താണു ദൈവങ്ങളുടെ പേരിൽ ക്രൂരമായി, രക്തമായി, മാംസക്കഷണങ്ങളായി, മഹോത്സവമായി മാറുന്നത്? ബ്രിട്ടണിലെ തിരഞ്ഞെടുപ്പിൽ ഇതൊന്നും കാണുന്നില്ല.**

സന്ധ്യയും ഇരുട്ടും മാറിമറിഞ്ഞു.

മനസ്സിൽ ജനാധിപത്യം പടുത്തുയർത്തിയ കെട്ടിടത്തിന്റെ കല്ലുകൾ ഓരോന്നായി ഇളകിവീണുകൊണ്ടിരിക്കെ മനസ്സിന്റെ ഏകാന്തതയെ തകർത്തതു ബ്രിട്ടണിലെ തിരഞ്ഞെടുപ്പാണ്. ഇന്ത്യയിലെ തിരഞ്ഞെടുപ്പ് എന്താണു ദൈവങ്ങളുടെ പേരിൽ ക്രൂരമായി, രക്തമായി, മാംസക്കഷണങ്ങളായി, മഹോത്സവമായി മാറുന്നത്? ബ്രിട്ടണിലെ തിരഞ്ഞെടുപ്പിൽ ഇതൊന്നും കാണുന്നില്ല. വളരെ അപൂർവമായി മാത്രമേ കാണാറുള്ളൂ. അവരുടെ കർമഫലം വിവേകമുള്ള ജനങ്ങളാണ് തീരുമാനിക്കുന്നത്. തിരഞ്ഞെടുപ്പിൽ പണ-മദ്യ-കഞ്ചാവ് കൃഷിക്കാരുടെ ആജ്ഞകൾ അനുസരിക്കുന്നവരോ, ദൈവങ്ങളുടെ സ്തുതിപാഠകരോ അല്ല. ദുർഗന്ധം വമിക്കുന്ന പ്രസംഗം കേൾക്കാറില്ല. മുക്കിലും മൂലയിലും പ്രസംഗിക്കാനും അന്തരീക്ഷമലിനീകരണം നടത്താനും അനുവാദമില്ല. കൊടിയുടെ നിറത്തേക്കാൾ, ദേവന്മാരെക്കാൾ മനുഷ്യനു നന്മ ചെയ്യുന്ന ജനപ്രതിനിധികളെ അവർ ആദരിക്കുന്നു, വിജയിപ്പിക്കുന്നു. മാധ്യമങ്ങൾ വഴിയാണ് കൂടുതലും ഈ കൂട്ടരെപ്പറ്റി ജനമറിയുന്നത്. പോസ്റ്റുവഴി വീട്ടിലെത്തുന്ന മത്സരാർത്ഥികളുടെ പേരും പാർട്ടിയും നോക്കി വോട്ടു പേപ്പറിൽ വോട്ടു രേഖപ്പെടുത്തി പോസ്റ്റു ചെയ്യുക മാത്രമാണു ഡാനി ഇന്നുവരെ ചെയ്തിട്ടുള്ളത്. രണ്ടു തിരഞ്ഞെടുപ്പുകളും ആനയും ആടുംപോലെയുള്ള വ്യത്യാസം. വിശപ്പിൽനിന്നു വിശപ്പിലേക്കു പോകുന്നവരുടെ തിരഞ്ഞെടുപ്പുകൾ.

ട്രെയിനിലെ ജനാലക്കമ്പികളിലൂടെ മാഞ്ഞുപോകുന്ന കാഴ്ചകൾ കണ്ടിരുന്നു. വയൽപറമ്പുകളിൽ ആടുമാടുകൾ പച്ചിലകൾ ഭക്ഷിച്ചു വിശപ്പടക്കുന്നതും വിയർപ്പൊഴുക്കുന്ന കർഷകരെയും കണ്ടു. ട്രെയിൻ വീണ്ടും മറ്റൊരു ട്രെയിൻ പോകാനായി കാത്തു കിടന്നു. അതിനടുത്തൊരു ചെറിയ തടാകത്തിൽ ധാരാളം പോത്തും എരുമയും മുങ്ങിക്കുളിക്കുന്നു. അവിടേക്ക് ഏതാനും കുഞ്ഞാടുകൾ വന്നു ദാഹമടക്കാൻ ദയനീയമായി നോക്കിനിന്നു. തിരഞ്ഞെടുപ്പുവിരുന്നുശാലയിലേക്കു വിശപ്പടക്കാൻ വരുന്ന കുഞ്ഞാടുകളെ ഡാനി ദയനീയമായി ഓർത്തിരുന്നു.